പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1547 14.07.2016 - ലെ മറുപടിക്ക്

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ

ഉത്തരം

ഡോ. ടി.എം. തോമസ് ഐസക്

ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

**കഴിഞ്ഞ സർക്കാർ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക**

| | | |
|---|---|---|
| എ | കഴിഞ്ഞ സർക്കാർ അധികാരം ഒഴിയുമ്പോൾ കുടിശ്ശിക ഇനത്തിൽ ഏതൊക്കെ വകുപ്പുകളിൽ എത്ര രൂപ കൊടുത്തു തീർക്കാനുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശിക (1074 കോടി രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (1431 കോടി), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1632 കോടി), വെയ്സ് & മീൻസ്, ട്രഷറി - ക്യൂ (800 കോടി) എന്നിവയുൾപ്പെടെ 4937 കോടിയില്പരം രൂപ അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാധ്യത 6302 കോടിയില്പരം രൂപ വരും. |
| ബി | ഇത്രയും കുടിശ്ശിക വരാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ? | സംസ്ഥാനം നേരിടുന്ന അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് അനിവാര്യമായ ചെലവുകൾ മുൻ സർക്കാർ മാറ്റിവച്ചതാണ് ഇത്തരത്തിൽ കുടിശ്ശിക വരാനുണ്ടായ പ്രധാന കാരണം. നികുതി വരുമാനത്തിലെ ഗണ്യമായ ഇടിവും പദ്ധതിയേതര ചെലവുകളുടെ ക്രമാതീതമായ വർദ്ധനവുമാണ് നിലവിലെ സാമ്പത്തിക പ്രതിസന്ധിക്കുള്ള മുഖ്യകാരണം. |

സെക്ഷൻ ഓഫീസർ